LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 50, 51 എന്നിവയ്ക്ക് അനുസൃതമായാണ് സർക്കാർ വാഹനങ്ങളിൽ നമ്പർ പ്ലേറ്റ് പ്രദർശിപ്പിക്കുന്നത്. സർക്കാർ വാഹനങ്ങളിൽ വകുപ്പിന്റെ പേര് പ്രദർശിപ്പിക്കുന്നതിന് ടി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 25-2-1994-ലെ സർക്കാർ സർക്കുലർ നമ്പർ 5280/എം2/94/പി.ഡബ്ല്യൂ ആന്റ് റ്റി പ്രകാരം സംസ്ഥാന മന്ത്രിമാർക്കും തത്തുല്യ പദവി വഹിക്കുന്നവർക്കും വാഹനത്തിൽ "കേരള സ്റ്റേറ്റ്" എന്ന ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. സർക്കാർ വകുപ്പുകൾക്ക് വാഹനത്തിന്റെ പുറകിലും മുൻപിലും വകുപ്പിന്റെ പേര് സൂചിപ്പിക്കുന്ന ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. പ്രസ്തുത ബോർഡിന്റെ പശ്ചാത്തലം ചുവപ്പും അക്ഷരങ്ങൾ വെള്ള നിറത്തിലും ആയിരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വാഹനത്തിന്റെ മുൻവശത്ത് ദീർഘചതുരാകൃതിയിലുള്ള പൊതുമേഖലാ സ്ഥാപനത്തിന്റെ പേരും അതിന് താഴെയായി "A State Government Undertaking" എന്ന് എഴുതിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. വാഹനത്തിന്റെ പുറകിൽ വൃത്താകൃതിയിൽ കമ്പനിയുടെ പേര് പൂർണ്ണ രൂപത്തിലോ, ചുരുക്ക രൂപത്തിലോ എഴുതിയ ബോർഡ് പ്രദർശിപ്പിക്കാവുന്നതാണ്. രണ്ട് ബോർഡുകളുടെയും പശ്ചാത്തലം ഇളം നീല നിറത്തിലും, അക്ഷരങ്ങൾ കറുത്ത നിറത്തിലുമായിരിക്കണം.

(ബി) പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി വാഹനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ ഇളക്കി മാറ്റുന്നതിന് നിർദ്ദേശം നൽകുന്നതിനോടൊപ്പം മോട്ടോർ വാഹന നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി പിഴയും ഈടാക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ ജനറൽ ട്രാൻസ്ഫർ**

362 (2237) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിൽ ഈ വർഷം ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയോ ; ഏതെല്ലാം തസ്തികയിൽ ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ എല്ലാ തസ്തികകളിലും ജനറൽ ട്രാൻസ്ഫർ നടപ്പിലാക്കിയിട്ടുണ്ട്.